

ജയലക്ഷ്മി

# നാളേറെയായിട്ടും....

സായംസന്ധ്യ തൻ കുങ്കുമഛവി
നിൻ കപോലങ്ങളിൽ
മെഴുകിയൊരാ വർണ്ണജാലങ്ങൾ
മനസ്സിൻ ശൂന്യമാം ഛായാപടത്തിലേക്കാവാഹിച്ചന്നു
ഞാൻ വെറുതെ ഇരുന്നേറെ നേരം......
നമുക്കിടയിൽ മുറുകും മൗനത്തിൻ
വലക്കണ്ണികൾ പൊട്ടിച്ചു പറന്നുയർന്നതെൻ
പ്രണയപ്രാവുകളോ സഖിനിൻ
ഈറൻമിഴിയിണകളിൽ
ഒളിപ്പിച്ച നിന്നാത്മാവിൻ നോവുകളോ?
നിന്നുയിരിൻ പിടപ്പുകൾ, ഓമൽകിനാവുകൾ
ഒക്കെ ചേർത്തു പിടിച്ചന്നാ ചാറ്റൽ മഴയിൽ
നനഞ്ഞ മണൽപ്പരപ്പിൽ നീയെഴുതിയ അമൂർത്തചിത്രങ്ങൾ
മങ്ങിയതില്ല നാളേറെയായിട്ടും....
തിരയടങ്ങിയജലപ്പരപ്പിലങ്ങകലെയിരുട്ടിൽ സ്വർണ്ണപ്പൊട്ടുകൾപോൽ
മിന്നും തോണിതൻ നിരകളിൽ മിഴിയൂന്നി
ഒന്നും മിണ്ടാതെ  നീ വിടയോതിയ നിമിഷം
കടൽകാറ്റിലലിഞ്ഞ നിൻ ചുടുനിശ്വാസം...
വഴിമുട്ടിയ പുഴയാണു നാമെന്ന നിൻ പല്ലവി
ഒഴുകാതിരിക്കാനാമോ എങ്കിലും പുഴക്കെന്ന എന്നനുപല്ലവിയിൽ
തെളിയും പ്രണയത്തിൻ
വെൺശംഖുകൾ നിന്നെക്കാൾ
ഏറെ തെരുപ്പിടിച്ചിരുന്നതന്നും ഞാനല്ലോ.,..
ഞൊടിയിടയിൽ മായും
മാരിവില്ലുപോലെ നീ
വിടപറഞ്ഞന്നു നീ കടൽക്കാറ്റിലലിഞ്ഞ നിമിഷം.........
എന്നോ മറഞ്ഞൊരാ
പ്രണയസന്ധ്യയും
നനഞ്ഞ പൂഴിയിൽ നിൻ വിരലുകൾ
വരഞ്ഞിട്ടൊരാ പാഴ്മണൽ ചിത്രങ്ങളും
തെളിയുന്നു വീണ്ടുമെൻ
മനതാരിൽ ഒരു പുലർകാലസ്വപ്നം പോൽ..